സാമ്യവാക്യം
നോഹ.... രക്ഷയ്ക്കായി പെട്ടകം തീർത്തു.
എബ്രാ. 11:7

ഒക്ടോബർ 8 ചൊവ്വ

വായനാഭാഗം
പുറപ്പാട് 37:1–5

Glory of God

## ദൈവത്തിന്റെ മഹത്വം

**ബെസലേൽ പെട്ടകം ഖദിരമരംകൊണ്ട് ഉണ്ടാക്കി. പുറ.37:1**

വിലകൂടിയ കാട്ടുവൃക്ഷങ്ങൾക്കൊപ്പം നിൽക്കുന്ന വിലകുറഞ്ഞ മരമാണ് ഖദിരമരം. ഖദിരമരംകൊണ്ട് ദൈവതേജസ്സാൽ നിറയപ്പെട്ട പെട്ടകം രൂപപ്പെടുത്തുവാൻ യഹൂദനായ ബെസലേലിനെ തിരഞ്ഞെടുത്തതുപോലെ ദൈവപുത്രനായ ക്രിസ്തുവിന് മാംസകൂടാരം രൂപപ്പെടുത്തുവാൻ യഹൂദാഗോത്രത്തിൽ നിന്നും കന്യകയായ മറിയ എന്ന പെൺകുട്ടിയെ തിരഞ്ഞെടുത്തു. നമ്മുടെ ദൈവം തലമുറകളെ മാനിക്കുന്നവനാകയാലാണ് ഹൂരിന്റെ കൊച്ചുമകനായ ബെസലേലിനെ ഈ ദൗത്യം ഏല്പിച്ചത്.

അക്കേഷ്യവർഗ്ഗത്തിൽപ്പെട്ട ഈ മുള്ളുമരം ക്രിസ്തുവിന്റെ ആളത്വവുമായി തമ്മിൽ ബന്ധമുണ്ടെന്നാണ് വേദപണ്ഡിതന്മാരുടെ അഭിപ്രായം. ഇത് വിലകുറഞ്ഞമരമാകയാൽ ഏവർക്കും പ്രാപ്യമാണ്. ക്രിസ്തുവിന്റെ ജനനംതന്നെ സാധാരണക്കാരിൽ സാധാരണക്കാരനായിട്ടായിരുന്നു. ഏതവസ്ഥയിലും സാഹചര്യത്തിലുമുള്ളവർക്ക് യേശു സമീപസ്ഥനാണ്. ഉണങ്ങിയ തറയിൽ വളരുന്ന രൂപഭംഗിയില്ലാത്ത മരമാണിത്. ഇതുപോലെ വരണ്ടനിലത്ത്നിന്നും വേർമുളയ്ക്കുന്നതും, രൂപഗുണമില്ലാത്തതും, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ലാത്തതും, മനുഷ്യരാൽ നിന്ദിക്കപ്പെടും. വ്യസനപാത്രമായതിനെ വെട്ടി ഉരുട്ടുമ്പോൾ പാറകളിൽ തട്ടി മുള്ളുകൾ ഒടിഞ്ഞുപോകുന്നു. അതുപോലെ ക്രിസ്തുവാകുന്ന പാറയിൽ തട്ടിയാൽ മാത്രമേ നമ്മിലുള്ള ചില മുള്ളുകളും ഒടിയുകയുള്ളു.

ഖദിരമരത്തിന്റെ കറ മരുന്ന് ഉൽപ്പാദിപ്പിക്കുവാനും വ്യവസായിക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. സന്ധ്യയ്ക്ക് മരംവെട്ടി രാവിലെയാണ് കറശേഖരിക്കുന്നത്. ക്രിസ്തു മുൾമുടി ധരിച്ചപ്പോഴും, പീഢനം ഏറ്റപ്പോഴും ഒഴുക്കിയ രക്തം സകലരോഗത്തിൽനിന്നും നമ്മെ രക്ഷിക്കുന്നു. തേക്ക്, ഈട്ടി മുതലായ വിലപ്പെട്ട മരങ്ങളുടെ മാന്യത ഖദിരമരത്തിന് ലഭിക്കാഞ്ഞതിനാൽ ദൈവം അതിന് മാന്യത നൽകി. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സാന്നിദ്ധ്യം ഭൂമിയിലിറങ്ങുന്ന സമാഗമനകൂടാരത്തിലെ ഉപകരണങ്ങളെല്ലാം ഈ മരംകൊണ്ടുള്ളതാണ്. ഖദിരമരത്തിന്റെ ശിഖരങ്ങൾ വളഞ്ഞതായാലും പണിതെടുക്കുവാൻ എളുപ്പമാണ്. ഏതു വളവുള്ളവനെയും പണിതെടുക്കുന്ന നല്ല തച്ചനാണ് കർത്താവ്.

പെട്ടകത്തിന്റെ നീളം രണ്ടരമുഴവും വീതിയും ഉയരവും ഒന്നരവീതവുമാണ്. ഉയരം കുറവായതിനാൽ കൃപ ആർക്കും പ്രാപ്യമാണെന്ന് അറിയുക. സ്വർണ്ണംകൊണ്ട് റപാതിഞ്ഞ പെട്ടകത്തിന് ഓരോ വശത്തുമുള്ള രണ്ട് വളയങ്ങളും തണ്ടുകളും ഈ മരം കൊണ്ടുണ്ടാക്കി സ്വർണ്ണം പൊതിഞ്ഞതാണ്. യാത്രയിൽ എപ്പോഴും പെട്ടകം ചുമന്നിരുന്നു. തന്റെ ജനത്തോടൊപ്പം ആയിരിപ്പാനവൻ ആഗ്രഹിക്കുന്നു. പ്രിയരെ, അവനോടൊപ്പം ആകുക ഏറെ സന്തോഷം നലകുന്നു. അതിനായി ഒരുങ്ങാം.

**അവന്റെ അടിപ്പിണരാൽ സൗഖ്യം ലഭിക്കുന്നു**